# പ്രളയം: കാർഷികമേഖലയിൽ 19,000 കോടിയുടെ നഷ്ടം

Janayugom 15-09-18, P-3

ചാലക്കുടി: പ്രളയം മൂലം സംസ്ഥാനത്ത് കാർഷികമേഖലയിൽ 19,000 കോടിയുടെ നഷ്ടമുണ്ടായതായാണ് പ്രാഥമിക കണക്കുകൾ എന്ന് കൃഷിമന്ത്രി വി എസ് സുനിൽകുമാർ. കുട്ടനാട് മേഖലയിലാണ് ഏറ്റവും അധികം കൃഷിനാശം ഉണ്ടായിട്ടുള്ളത്. ഏകദേശം 58000 ഹെക്ടർ പ്രദേശത്ത് കൃഷിനാശം ഉണ്ടായിട്ടുണ്ട്. യഥാർത്ഥ നഷ്ടം കണക്കാക്കുവാൻ കാലതാമസമുണ്ടാവുമെന്നും മന്ത്രി പറഞ്ഞു. തൃശൂർ ജില്ലയിൽ ഏറ്റവുമധികം പ്രളയദുരിതം നേരിടേണ്ടി വന്ന ചാലക്കുടിയുടെ കാർഷിക മേഖലയിൽ അനുവദിച്ച സാമ്പത്തിക സഹായത്തിന്റെ ആദ്യഗഡു വിതരണം ചെയ്യുകയായിരുന്നു മന്ത്രി.

തൃശൂർ ജില്ലയിൽ 120 കോടി രൂപയുടെ നഷ്ടമാണ് കാർഷികമേഖലയിൽ ഉണ്ടായത്. ഇതിൽ 90 ശതമാനം കർഷകരും വിള ഇൻഷുർ ചെയ്യാത്തവരാണ്. അടുത്ത വർഷം മുതൽ മുഴുവൻ കർഷകരും ഇൻഷുറൻസ് പദ്ധതിയുടെ ഭാഗമാകണമെന്നും മന്ത്രി പറഞ്ഞു. കാർഷികമേഖലയെ പുനരുജ്ജീവിപ്പിക്കാനുള്ള വിപുലമായ പദ്ധതികൾ വിവിധ ഏജൻസികൾ വഴി ഒക്ടോബർ മാസം മുതൽ നടപ്പിലാക്കും. ഒക്ടോബർ മുതൽ ഡിസംബർ വരെ പച്ചക്കറി ഉത്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഓണത്തിന് ഒരുമുറം പച്ചക്കറി പദ്ധതിക്ക് സമാനമായ പദ്ധതി രൂപീകരിക്കുമെന്നും മന്ത്രി പറഞ്ഞു. പുഞ്ചക്കൃഷിയുടെ സമയത്ത് കർഷകർക്കായി വിത്തും കുമ്മായവും സൗജന്യമായി നൽകുമെന്നും മന്ത്രി അറിയിച്ചു.

ബി ഡി ദേവസി എം എൽ എയുടെ അദ്ധ്യക്ഷതയിൽ നടന്ന ചടങ്ങിൽ മുൻസിപ്പൽ ചെയർപേഴ്സൺ ജയന്തി പ്രവീൺ, വൈസ് ചെയർമാൻ വിൽസൺ പാണാട്ട്പറമ്പിൽ, പ്രിൻസിപ്പൽ കൃഷി ഓഫീസർ ജയശ്രീ, കൃഷി അസി. ഡയറക്ടർ എൽസി അഗസ്റ്റിൻ തുടങ്ങിയവർ പങ്കെടുത്തു.